# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 180 — 04.02.2013 ലെ മറുപടിക്ക്

### കോഴിക്കോട് വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് പുതിയ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് വിമാനത്താവളത്തിൽ മുഖ്യമായും പാർക്കിംഗ് ബേ സംവിധാനം ഏർപ്പെടുത്തുവാൻ 137 ഏക്കർ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നല്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ജനസാന്ദ്രതയുള്ള സ്ഥലങ്ങൾ ഒഴിവാക്കി അലൈൻമെന്റ് നിശ്ചയിച്ച് സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (ബി) | ഇത് സംബന്ധമായി സമീപകാലത്ത് നടന്ന ഉന്നതതല യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; | (ബി) | യഥാർത്ഥ ഭൂവുടമകൾക്ക് ജില്ലാ കളക്ടർ മുഖേന നോട്ടീസ് നല്കാനും, റൺവേ 300 മീറ്റർ കൂടി ദീർഘിപ്പിക്കുവാനും, എയർപോർട്ടിൽ നിന്നുത്ഭവിക്കുന്ന മാലിന്യം സംസ്കരിക്കാൻ ഇൻസിനറേറ്റർ സ്ഥാപിക്കാനും, എയർപോർട്ട് വഴി സംസ്ഥാന സർക്കാർ അന്തർ ജില്ലാ ബസ് സർവ്വീസ് നടത്തുവാനും തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | വിമാനത്താവളത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്ക് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ